# പതിനഞ്ചാം കേരള നിയമസഭ
# മൂന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്
# 13-10-2021

## (13) ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

2021 ഒക്ടോബർ 13-ാം തീയതി 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിന് ആധാരമായി 2019 ഡിസംബർ 21-ന് ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്ന് എട്ട് പ്രാവശ്യം പ്രസ്തുത ഓർഡിനൻസ് പുനർവിളംബരം ചെയ്തതുമായ നടപടി സുപ്രീംകോടതി വിധികളുടെ അന്തഃസത്തയ്ക്ക് വിരുദ്ധവും ഭരണഘടനാ തത്വങ്ങളോടുള്ള അവഹേളനവുമാണെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

2021 ഒക്ടോബർ, നവംബർ മാസങ്ങളിൽ സഭാസമ്മേളനം ചേർന്ന് ഓർഡിനൻസുകൾ പാസ്സാക്കണമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ 02-08-2021-ലെ റൂളിംഗ് പരിഗണിച്ചാണ് പ്രത്യേക സമ്മേളനം ചേർന്ന് ഓർഡിനൻസുകൾ നിയമമാക്കുന്നതെന്നും അത്യാവശ്യഘട്ടങ്ങളിൽ

മാത്രമേ ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ പാടുള്ളൂവെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളതെന്നും ഓർഡിനൻസുകൾ പുനർവിളംബരം ചെയ്തുപോകുന്നത് ശരിയല്ലെന്ന പരാമർശം ബിൽ അവതരണത്തിന് തടസ്സമാകില്ലെന്നും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

"ഓർഡിനൻസുകൾക്ക് പകരമായി നിയമം പാസ്സാക്കുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണമെന്ന ചെയറിന്റെ നിർദ്ദേശം പരിഗണിച്ചാണ് സഭയുടെ ഈ സമ്മേളനം ചേരുന്നതെന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”